ശ്രീ. ഇട്ടിരാ അമ്പൂക്കൻ: ആലപ്പുഴ ഗോഡൗണിലെ അഴിമതി കണ്ടുപിടിച്ച ഉദ്യോഗസ്ഥൻ ആരാണ്?

ശ്രീ. ടി. കെ. നാരായണപിള്ള: അതും ഓർമ്മയില്ല.

വരന്തരപ്പിള്ളി പഞ്ചായത്ത്

*൧൭൫൨. (൫) ശ്രീ. ടി. പി. സീതാരാമൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പഞ്ചായത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ —

(എ) വരന്തരപ്പിള്ളി പഞ്ചായത്ത് അംഗങ്ങൾ എല്ലാവരും രാജിവെച്ചതിനെ തുടർന്ന് ഗവൺമെൻറ് എന്തു നടപടി എടുത്തിരിക്കുന്നു;

(ബി) എന്തു കാരണത്തിന്മേലാണ് ഈ രാജി;

(സി) രാജിവെച്ചിരിക്കുന്നത് ആരെല്ലാം?

ചീഫ് മിനിസ്റ്റർ ശ്രീ. സി. കേശവൻ: (എ) കരയാംപാടം പഞ്ചായത്തു റോഡിനുവേണ്ടിയുള്ള ഭൂമി എടുപ്പു നടപടികൾ പഞ്ചായത്തിൻറെ ആഗ്രഹത്തിനു വിരുദ്ധമായി ഉപേക്ഷിച്ചതുകൊണ്ടാണ് പഞ്ചായത്തു അംഗങ്ങൾ രാജിവെച്ചത്. രാജിയെ തുടർന്ന് പ്രസ്തുത റോഡുകാര്യത്തിൽ വീണ്ടും റവന്യൂ ബോർഡിൻറെ അഭിപ്രായം ആരായുകയും അതു ഗവൺമെൻറിൻറെ പര്യാലോചനയിൽ ഇരിക്കുകയുമാണ്.

(ബി) മുകളിൽ എ യുടെ ഉത്തരത്തിൽ വിശദമാക്കിയിട്ടുണ്ട്.

(സി) ൧. ശ്രീ. സി. ആർ. മാണിക്കൻ (പ്രസിഡൻറ്)
൨. ,, വി. ആർ. കൃഷ്ണൻകുട്ടി മേനോൻ (മെമ്പർ)
൩. ,, കെ. എ. നാരായണൻ നമ്പൂതിരി ,,
൪. ,, എം. വി. നാരായണൻ നമ്പൂതിരി ,,
൫. ,, സി. എം. രാമൻ ,,
൬. ,, കെ. വി. കൊച്ചുഗോവിന്ദൻ നായർ ,,

ശ്രീ. ടി. പി. സീതാരാമൻ: എന്നാണ് രാജിവെച്ചത്?

ശ്രീ. സി. കേശവൻ: തയ്യതി ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. ടി. പി. സീതാരാമൻ: രാജിവെച്ചവരുടെ കൂട്ടത്തിൽ പഞ്ചായത്തു പ്രസിഡൻറ് ഉൾപ്പെട്ടുന്നില്ലെ?

ശ്രീ. സി. കേശവൻ: ഉണ്ട്.

വൈദ്യുതവിപുലീകരണപദ്ധതി

*൧൭൫൩. (൬) ശ്രീ. ടി. പി. സീതാരാമൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെ പബ്ലിക്ക് വർക്സ് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

വരന്തരപ്പിള്ളി, ആമ്പല്ലൂർ എന്നീ വില്ലേജുകളിലേക്കുള്ള വൈദ്യുതവിപുലീകരണപദ്ധതി ഇപ്പോൾ ഏതു സ്ഥിതിയിലായിരിക്കുന്നു?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ): വൈദ്യുതവിപുലീകരണപദ്ധതി പ്രകാരം ഈ സ്ഥലങ്ങളിൽ ജോലി തുടങ്ങണമെന്ന് ആലോചിച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly